നമ്പർ – എൻ2/22494/2013/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി.03.06.2014

# സർക്കുലർ

വിഷയം – പൊതു വിദ്യാഭ്യാസം- ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം 2013-14 - സ്കോളർഷിപ്പ് തുകവിതരണം - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന – 03.06.2014 ലെ ഇതേ നമ്പർ നടപടി ഉത്തരവ്.

2013-14 ലെ ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക്സ്കോളർഷിപ്പിന് അർഹതനേടിയ വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്യുന്നതിനു ചുവടെ രേഖപ്പെടുത്തിയ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. 2013-14 ലെ ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് തുകയ്ക്ക് അർഹതനേടിയ റിന്യൂവൽ, ഫ്രഷ് വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പട്ടിക ഔദ്യോഗിക വെബ്സൈറ്റായ "**www.scholarship.itschool.gov.in**" ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം ഓരോ സ്കൂളിൽ നിന്നും അർഹത നേടിയ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഫണ്ട്, ബന്ധപ്പെട്ട സ്കൂളധികാരികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കു **ഇ-ട്രാൻസ്ഫർ** ചെയ്തിട്ടുമുണ്ട്.
2. ഓരോ സ്കൂളധികാരിയും, തങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും സ്കോളർഷിപ്പ് തുക പിൻവലിച്ചശേഷം, അർഹരായ കുട്ടികളുടെ ലിസ്റ്റ്, ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും **log-in** ലൂടെ (അപേക്ഷകൾ അപ്ലോഡ് ചെയ്യുന്നതിനുപയോഗിച്ച **user name, password** എന്നിവ ഉപയോഗിക്കേണ്ടതാണ്) **download** ചെയ്ത് ബന്ധപ്പെട്ട കുട്ടികൾക്ക് അക്വിറ്റൻസ് മുഖേന വിതരണം ചെയ്യേണ്ടതുമാണ്.
3. ബന്ധപ്പെട്ട എല്ലാ സ്കൂളധികാരികളും, ബാങ്കിൽ നിന്നും തുക പിൻവലിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ തന്നെ അർഹരായ വിദ്യാർത്ഥികൾക്ക് തുക വിതരണം നടത്തേണ്ടതാണ്. കുട്ടികളുടെ അഭാവത്താൽ നീക്കിയിരിപ്പാകുന്ന സ്കോളർഷിപ്പ് തുകയും റിപ്പോർട്ടും വിതരണം ചെയ്ത തുകയുടെ ധനവിനിയോഗപത്രവും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് (എൽ.പി./യു.പി. സ്കൂളുകൾ, ബന്ധപ്പെട്ട ഉപജില്ലാ വിദ്യഭ്യാസ ആഫീസർ മുഖേന) ഹാജരാക്കി രസീത് കൈപ്പറ്റേണ്ടതാണ്. ഹൈസ്കൂളുകൾ, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളധികാരികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് റിപ്പോർട്ടും നീക്കിയിരിപ്പ് തുകയും വിനിയോഗപത്രവും സമർപ്പിക്കേണ്ടതാണ്.

4. ഫ്രഷ് വിഭാഗത്തിൽ സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി എന്നീ മതവിഭാഗങ്ങളിൽ അർഹത നേടിയ വിദ്യാർത്ഥികൾ മറ്റു മതവിഭാഗങ്ങളിൽ (മുസ്ലീം, ക്രിസ്ത്യൻ) ഉൾപ്പെടുന്നവരല്ലെന്നു ബന്ധപ്പെട്ട സ്കൂളധികാരികൾ ഉറപ്പുവരുത്തിയശേഷമേ തുക വിതരണം നടത്തുവാൻ പാടുള്ളൂ.

5. 2014 ജൂൺ 30 നുള്ളിൽ, 2013-14 സ്കോളർഷിപ്പ് തുക വിതരണം പൂർത്തിയാക്കിയ റിപ്പോർട്ടും, വിദ്യാഭ്യാസ ജില്ലാ തലത്തിൽ ക്രോഡീകരിച്ച "ധനവിനിയോഗ സർട്ടിഫിക്കറ്റും" ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഹാജരാക്കേണ്ടതാണ്.

6. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിലുള്ള സ്കൂളുകളിൽ സമയബന്ധിതമായി തുക വിതരണം പൂർത്തിയായതായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

7. സ്കോളർഷിപ്പ് തുക വിതരണത്തിനിടയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ, പ്രസ്തുത വിവരം ഉടനടി ഈ കാര്യാലയത്തിലേയ്ക്ക് ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്. **(ID : scholarshipdpi@gmail.com)**

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകാരമുള്ള അൺഎയ്ഡഡ്, സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളധികാരികൾക്കും
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ
5. സൂക്ഷിപ്പ് ഫയൽ